**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1557** **01-02-2024 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ താലൂക്കിലെ കോഡൂർ വില്ലേജിൽ കമ്പിവളപ്പ് പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ താലൂക്കിലെ കോഡൂർ വില്ലേജിൽ സർവ്വേ നമ്പർ 95/1-ൽ ഉൾപ്പെട്ട നെച്ചിക്കാട് പറമ്പ് കമ്പിവളപ്പ് പ്രദേശത്ത് താമസിക്കുന്ന ഇരുന്നൂറോളം കുടുംബങ്ങളുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കോഡൂർ വില്ലേജിൽ സർവ്വെ നമ്പർ 95/1 ൽ ഉൾപ്പെട്ട കമ്പിവളപ്പ് പ്രദേശം മിച്ചഭൂമിയിൽ ഉൾപ്പെടുന്ന സ്ഥലമാണ്. ടി മിച്ചഭൂമിയിലെ കൈവശക്കാർക്ക് കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 96 പ്രകാരം പട്ടയം ലഭ്യമാക്കുന്നതിനായി കക്ഷികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് കേരള ഭൂപരിഷ്കരണ (സീലിംഗ്) റൂൾ 27 പ്രകാരമുള്ള ഫോം നം. 16 പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായി ടി ഭൂമിയിലെ അന്യകൈവശക്കാരിൽ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 7E , 85 (8) എന്നിവ പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരായവരുടേയും മറ്റ് കൈവശക്കാരുടേയും വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സർവ്വെ നടപടികൾ പൂർത്തിയായിട്ടില്ല. ആധുനിക സർവ്വെ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തി സർവ്വെ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഭൂമിയ്ക്ക് പട്ടയം നൽകുന്ന വിഷയവുമായി ബന്ധപ്പെട്ട് ജില്ലാകളക്ടർ ഏറ്റവും ഒടുവിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ; നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | കൈവശ കക്ഷികൾക്ക് ആധാരപ്രകാരമാണോ ഭൂമി ലഭിച്ചതെന്ന് പരിശോധിച്ച് ആധാര പ്രകാരം ഭൂമി സിദ്ധിച്ചവരിൽ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 7E പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളവരുടേയും സെക്ഷൻ 85 (8) പ്രകാരം ഒഴിവിന് അർഹതയുള്ള എൽ.റ്റി പട്ടയം ലഭിച്ചവരുടേയും വിവരങ്ങൾ ശേഖരിച്ച് ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും മറ്റ് കൈവശക്കാർക്ക് അവരുടെ അർഹത പരിശോധിച്ച് സെക്ഷൻ 96 പ്രകാരം ഭൂമി പതിച്ചു നൽകുന്നതിനുമുള്ള ത്വരിത നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ